"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി- ശ്രീ.സാമുവേൽ വൈദ്യൻ, രാജ മന്ദിരം, അകമൺ എന്നയാളുടെ ഉടമസ്ഥതയിൽ കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ, ഇടമുളയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നം.27, സർവ്വേ നമ്പർ 100/1 ൽപ്പെട്ട സ്ഥലത്തുനിന്നും കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി 988.74 ക്യൂബിക് മീറ്റർ (2472 മെ.ടൺ) പാറ പൊട്ടിച്ചു നീക്കം ചെയ്യുന്നതിന് 2015-ലെ കെ.എം.എം.സി(ഭേദഗതി) ചട്ടങ്ങളിലെ ചട്ടം-104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.644/2024/ID തീയതി,തിരുവനന്തപുരം, 25-07-2024

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 16.03.2024-ലെ പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ RDOPLR/118/2024/B നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം
3. 25.03.2024-ലെ കൊല്ലം ജില്ലാ ജിയോളജിസ്റ്റിന്റെ DOKOL-DMG/754/2023-M നമ്പർ കത്ത്
4. 26.06.2024-ലെ മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ DMG/1041/2024-M6 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. സാമുവൽ വൈദ്യൻ, രാജമന്ദിരം, അകമൺ എന്ന വ്യക്തി പുനലൂർ താലൂക്കിൽ ഇടമുളയ്ക്കൽ വില്ലേജിൽ സർവ്വേ നമ്പർ 100/1 ൽ പ്പെട്ട സ്ഥലത്തുനിന്നും കെട്ടിട നിർമ്മാണത്തിന് പാറ പൊട്ടിച്ചു നീക്കം ചെയ്യുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി കൊല്ലം ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കെട്ടിട നിർമ്മാണത്തിന് ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ബിൽഡിംഗ് പെർമിറ്റും പ്ലാനും പ്രകാരം 6000 ചതുരശ്ര മീറ്റർ പ്ലോട്ട് ഏരിയയിൽ 480 ചതുരശ്ര മീറ്റർ ബിൽഡ് അപ്പ് ഏരിയ വരുന്ന കെട്ടിടം നിർമ്മിക്കുന്നതിന് 984.92 ചതുരശ്ര മീറ്റർ എർത്ത് കട്ടിങ് ഏരിയയിൽ നിന്നും 988.74 ക്യൂബിക് മീറ്റർ (2472 മെ.ടൺ) അളവിൽ പാറ നീക്കം ചെയ്യുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. ടി അപേക്ഷയിന്മേൽ കൊല്ലം ജില്ലാ ഓഫീസിൽ നിന്നും സ്ഥലം പരിശോധന നടത്തുകയും അപേക്ഷാ സ്ഥലത്തുനിന്നും പ്ലാൻ പ്രകാരമുള്ള പാറ നീക്കം ചെയ്യേണ്ടതാണെന്നും അനുമതി നൽകാവുന്നതാണെന്നും ജില്ലാ ജിയോളജിസ്റ്റ് ശിപാർശ ചെയ്തിട്ടുണ്ട്. 16.03.2024 തീയതിയിലെ പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ പരാമർശം(2) നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. പുനലൂർ താലൂക്കിൽ ഇടമുളയ്ക്കൽ വില്ലേജിൽ സർവ്വേ നമ്പർ 100/1 ൽ പ്പെട്ട സ്ഥലത്തുനിന്നും കെട്ടിട നിർമ്മാണത്തിന് നിബന്ധനകൾക്ക് വിധേയമായി പാറ പൊട്ടിച്ചു നീക്കം ചെയ്യുന്നതിന് 2015-ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം-104 പ്രകാരം അനുമതി നൽകാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.സാമുവേൽ വൈദ്യൻ, രാജ മന്ദിരം, അകമൺ എന്നയാളുടെ ഉടമസ്ഥതയിൽ കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ, ഇടമുളയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നം.27, സർവ്വേ നമ്പർ 100/1 ൽപ്പെട്ട സ്ഥലത്തുനിന്നും കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി 988.74 ക്യൂബിക് മീറ്റർ (2472 മെ.ടൺ) പാറ ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പൊട്ടിച്ചു നീക്കം ചെയ്യുന്നതിന് 2015-ലെ കെ.എം.എം.സി(ഭേദഗതി) ചട്ടങ്ങളിലെ ചട്ടം-104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പാറ പൊട്ടിക്കുന്നതിന് എക്സ്പ്ലോസീവ് ഉപയോഗിക്കരുത്.

2.സ്ഫോടക വസ്തു ഉപയോഗിച്ചാണ് ഖനനപ്രവർത്തിയെങ്കിൽ അനുമതി പൂർണമായും റദ്ദാക്കുന്നതാണെന്നും അപ്രകാരമുള്ള ഖനനം അനധികൃത ഖനനമായി കണക്കാക്കി കെ.എം.എം.സി ചട്ടം 108(2) പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

3.നീക്കം ചെയ്യുന്ന ധാതുവിന്റെ അളവിന് തത്തുല്യമായ റോയൽറ്റി കൊല്ലം ജിയോളജിസ്റ്റിന് മുൻപാകെ മുൻകൂർ ആയി ഒടുക്കുവരുത്തേണ്ടതാണ്.

4. അവധി ദിവസങ്ങളിൽ ഖനന പ്രവർത്തി നടത്തരുത്.

5. പരിസരവാസികളുടെ ജീവനും സ്വത്തിനും ഭീഷണിയില്ലാത്ത വിധത്തിൽ ധാതു നീക്കം നടത്തേണ്ടതാണ്.

6. പുനലൂർ ആർ.ഡി.ഒ അനുവദിച്ച നിരാക്ഷേപ പത്രത്തിലെ നിബന്ധനകൾക്ക് വിധേയമായി ഖനനം നടത്തേണ്ടതാണ്

7. കൊല്ലം ജില്ലാ ഇൻസ്പെക്ഷൻ സ്ക്വാഡ് ഉത്തരവ് തീയതി മുതൽ 3 മാസത്തിനുശേഷം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി വസ്തുതാ അന്വേഷണ റിപ്പോർട്ട് മൈനിങ് & ജിയോളജി ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

8. ചട്ടം 104 പ്രകാരം നൽകിയ പ്രത്യേകാനുമതി ദുരുപയോഗം ചെയ്തിട്ടുള്ളതായി തെളിയുകയാണെങ്കിൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BYJU KUMAR S
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം
റവന്യൂ ഡിവിഷണൽ ഓഫീസർ, പുനലൂർ
ജില്ലാ ജിയോളജിസ്റ്റ്, കൊല്ലം
ശ്രീ.സാമുവേൽ വൈദ്യൻ, രാജ മന്ദിരം, അകമൺ, ചെരുങ്ങല്ലൂർ, കൊല്ലം-691533
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 25-07-2024 12:22:11
സെക്ഷൻ ഓഫീസർ